പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2275 13.02.2013 ൽ മറുപടിയ്ക്ക്

വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ സമർപ്പിക്കേണ്ടരേഖകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ.ലതിക | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തെല്ലാം രേഖകളാണ് വിദ്യുച്ഛക്തി ബോർഡിൽ സമർ പ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഗാർഹിക ഉപഭോക്താക്കൾ നൽകേണ്ട രേഖകൾ സംബന്ധിച്ച് സർക്കാരിന്റെയും വൈദ്യുതി ബോർഡിന്റെയും ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) & (ബി) ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം. സമർപ്പിക്കേണ്ടുന്ന രേഖകൾ താഴെപ്പറയുന്നവയാണ്.<br>1. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്.<br>2. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്/ അംഗീകരിച്ച പ്ലാൻ/ കെട്ടിട പെർമിറ്റ്<br>ഇവ ലഭ്യമല്ലെങ്കിൽ ചില വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന രേഖകളിലേതെങ്കിലും ഒന്ന്.<br>1. വില്ലേജ് ഓഫീസർ നൽകുന്ന പൊസ്സഷൻ സർട്ടിഫിക്കറ്റ്.<br>2. തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്.<br>3. വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്<br>4. റേഷൻ കാർഡ്.<br>5. എൻ.ആർ.ഇ.ജി.പി.കാർഡ്<br>-സ.ഉ(സാധാ)നം.145/2011/ഊവ തീയതി - 06/07/2011- പകർപ്പ് |

(......2)

അനുബന്ധം 1 ആയി ചേർക്കുന്നു

100 ചതുരശ്രമീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയും കണക്ഷന് അപേക്ഷിക്കാവുന്നതാണ്. -സാ.ഉ (എം.എസ്) നം.149/2012/ തസ്വഭവ തീയതി 04/06/2012- ന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.

3. ഉപഭോക്താവിന്റെ ഇൻസ്റ്റലേഷൻ പൂർത്തീകരണ സർട്ടിഫിക്കറ്റ്.

4. ഭൂ ഉടമകളുടെ അനുവാദപത്രം (ആവശ്യമെങ്കിൽ)

5. അപേക്ഷകൻ വാടകക്കാരനാണെങ്കിൽ കെട്ടിട ഉടമയിൽ നിന്നുള്ള അനുമതി പത്രം.

6. നഷ്ടോത്തരവാദ ബോണ്ട് (ഇൻഡമിനിറ്റി ബോണ്ട്) (ആവശ്യമെങ്കിൽ) -ബോർഡ് ഉത്തരവ് B.O(FB) No.2197/2008 (DPC II/T&C of Supply. 02/2008-09) തീയതി, തിരുവനന്തപുരം 2/09/2008 ന്റെ പകർപ്പ് അനുബന്ധം 3 ആയി ചേർക്കുന്നു

(..........3)

| | |
|---|---|
| (സി) പ്രസ്തുത ഉത്തരവുകൾ ലംഘിക്കുന്ന വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ? | (സി) അന്വേഷണം നടത്തി കെ.എസ്.ഇ ബോർഡിൽ നിലവിലുള്ള നിയമങ്ങൾക്കനുസരിച്ചുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**